"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി സുഹാന എൻ, കൃഷി ഓഫീസർക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.895/2023/AGRI    തീയതി,തിരുവനന്തപുരം, 14-09-2023

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 11/08/2023 ലെ ADFW/9666/2023-SD2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ആനക്കര കൃഷി ഓഫീസറായി 07/08/2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. സുഹാന എൻ -ന് കേരള കാർഷിക സർവകലാശാലയിൽ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന മാസ്റ്റേഴ്സ് ബിരുദം പൂർത്തിയാക്കുന്നതിനായി 08/08/2023 മുതൽ 15/11/2023 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ആനക്കര കൃഷി ഓഫീസറായി 07/08/2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സുഹാന.എൻ, ന് പഠനാവശ്യത്തിനായി 08/08/2023 മുതൽ 14/11/2023 വരെ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ അവധി കഴിഞ്ഞ് സേവനത്തിൽ പ്രവേശിക്കുമ്പോൾ സർവ്വീസിൽ പുതിയതായി പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ശ്രീമതി സുഹാന, കൃഷി ഓഫീസർ (കൃഷി ഡയറക്ടർ മുഖേന)
കരുതൽ സഞ്ചയം/ ഓഫീസ് കോപ്പി AGRI-EA2/194/2023-AGRI

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ